സുരക്ഷിത വാഴക്കൃഷി മാർഗ്ഗരേഖാ പ്രകാശനം : **ഡോ. ജിജു പി. അലക്സ്**
വിജ്ഞാന വ്യാപന ഡയറക്ടർ
കേരള കാർഷിക സർവ്വകലാശാല

സ്വീകരിക്കുന്നത് : **ശ്രീമതി. മിനി ഉണ്ണികൃഷ്ണൻ**
പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്

അയർ സൂക്ഷ്മ മൂലക മിശ്രിതം വിതരണോദ്ഘാടനം : **ഡോ. പി. ഇന്ദിരാദേവി**
ഗവേഷണ ഡയറക്ടർ
കേരള കാർഷിക സർവ്വകലാശാല

സ്വീകരിക്കുന്നത് : **ശ്രീമതി. ജീന സെബാസ്റ്റ്യൻ**
കർഷക പ്രതിനിധി

'ജൈവ വളക്കൂട്ടുകൾ' : **ശ്രീമതി. ഐ. എസ്. ഉമാദേവി**
ഒല്ലൂക്കര ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്

സ്വീകരിക്കുന്നത് : **ശ്രീമതി. ഓമന തിലകൻ**
കർഷക പ്രതിനിധി

ആശംസകൾ : **ശ്രീമതി. ഇ. എ. ഓമന**
തൃശൂർ ജില്ലാ പഞ്ചായത്ത് മെമ്പർ

**ശ്രീ. ബിനോയ് ഓത്തോട്ടിൽ**
ഒല്ലൂക്കര ബ്ളോക്ക് പഞ്ചായത്ത് മെമ്പർ

**ശ്രീമതി. പ്രീതി ജോസഫ്**
പുത്തൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ

**ശ്രീ. തിലകൻ എം. ഡി.**
പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, തൃശ്ശൂർ

**ശ്രീമതി. അർച്ചന വിശ്വനാഥ്**
പുത്തൂർ കൃഷി ഓഫീസർ

**ശ്രീ. എൻ. ഐ. റോഷ്നി**
അസിസ്റ്റന്റ് മാനേജർ, വി. എഫ്. പി. സി. കെ.

നന്ദി : **ശ്രീമതി. അംജ എ. എ.**
ജില്ലാ മാനേജർ, വി. എഫ്. പി. സി. കെ.

---

കേരള കാർഷിക സർവ്വകലാശാല
വിജ്ഞാന വ്യാപന ഡയറക്ടറേറ്റ്
**കൃഷി വിജ്ഞാനകേന്ദ്രം തൃശ്ശൂർ**

ICAR

# സുരക്ഷിത വാഴക്കൃഷി മാർഗ്ഗരേഖ പ്രകാശനവും ജൈവകീടനാശിനികളുടെ ഉൽപ്പാദന-വിപണനോദ്ഘാടനവും

തിയ്യതി: 2017 ഒക്ടോബർ 7, ശനിയാഴ്ച
വേദി: വി. എഫ്. പി. സി. കെ. സ്വാശ്രയ വിപണി, മരോട്ടിച്ചാൽ

**ഉദ്ഘാടനം**



**അഡ്വ. വി. എസ്. സുനിൽകുമാർ**
ബഹു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി

**അദ്ധ്യക്ഷൻ**



**അഡ്വ. കെ. രാജൻ, ഒല്ലൂർ എം. എൽ.എ**
ബഹു. ഭരണസമിതി അംഗം, കേരള കാർഷിക സർവകലാശാല

**മുഖ്യാതിഥി**



**പ്രൊഫ. (ഡോ). പി. രാജേന്ദ്രൻ**
വൈസ് ചാൻസിലർ, കേരള കാർഷിക സർവകലാശാല

---

കേരള കാർഷിക സർവ്വകലാശാല
**കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂർ**

ICAR

ബഹുമാന്യരെ,

കേരളത്തിലെ കർഷകരുടെ മുഖ്യ വരുമാനദായക വിളകളിലൊന്നായ വാഴയുടെ കൃഷി ആദായകരമാക്കുന്നതിനായി ശാസ്ത്രീയ പരിപാലന മുറകൾ സ്വീകരിക്കേണ്ടത് ആവശ്യമാണ്. ഇതിനായി തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രം ഒരു സുരക്ഷിത വാഴക്കൃഷി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നു. അതുപോലെ തന്നെ വാഴയുടെ ഉൽപാദനക്ഷമതയെ സാരമായി ബാധിക്കുന്ന തണ്ടുതുരപ്പൻ/പിണ്ടിപ്പുഴു, മാണ വണ്ട് എന്നീ കീടങ്ങളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം മരച്ചീനിയിലയിൽ നിന്നും വികസിപ്പിച്ചെടുത്ത നന്മ, മേന്മ, ശ്രേയ എന്നീ ജൈവ കീടനാശിനികൾ തൃശൂരിലെ കർഷകർക്കും ലഭ്യമാക്കുന്നതിന് കെ.വി.കെ. പ്രതിജ്ഞാബദ്ധമാണ്.

സുരക്ഷിത വാഴ കൃഷി മാർഗ്ഗ രേഖയുടെ പ്രകാശനവും ജൈവകീടനാശിനികളായ നന്മ, മേന്മ, ശ്രേയ എന്നിവയുടെ വിപണന ഉദ്ഘാടനവും 2017 ഒക്ടോബർ 7 ശനിയാഴ്ച രാവിലെ 11 മണിക്ക് മരോട്ടിച്ചാൽ വി. എഫ്. പി. സി. കെ. സ്വാശ്രയ വിപണിയിൽ, വച്ച് ബഹുമാന്യനായ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി **അഡ്വ. വി. എസ്. സുനിൽകുമാർ** നിർവ്വഹിക്കുന്നു. ഒല്ലൂർ എം. എൽ. എ. അഡ്വ. ശ്രീ. കെ. രാജൻ അവർകൾ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ **പ്രൊഫ. (ഡോ). പി. രാജേന്ദ്രൻ** മുഖ്യാതിഥി ആയിരിക്കും. പരിപാടിയോടനുബന്ധിച്ച് സുരക്ഷിത വാഴക്കൃഷി എന്ന വിഷയത്തിൽ സെമിനാറും സംഘടിപ്പിച്ചിരിക്കുന്നു.

ഉദ്ഘാടന പരിപാടിയിലേക്കും സെമിനാറിലേക്കും താങ്കളുടെ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

**ജില്ലാ മാനേജർ**
വി.എഫ്. പി. സി. കെ., തൃശൂർ

**പ്രൊഫസർ & ഹെഡ്**
കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ

---

## കാര്യപരിപാടി
## 2017 ഒക്ടോബർ 7

## സുരക്ഷിത വാഴകൃഷി മാർഗ്ഗരേഖ പ്രകാശനം ജൈവകീടനാശിനികളുടെ ഉൽപ്പാദന-വിപണനോദ്ഘാടനം

9.30 മണി : രജിസ്ട്രേഷൻ

10 മണി മുതൽ "**സുരക്ഷിത വാഴകൃഷി**"-സെമിനാർ

വാഴ ഇനങ്ങളും കൃഷിരീതിയും : **ഡോ. മഞ്ജു. പി. ആർ**
അസിസ്റ്റന്റ് പ്രൊഫസർ, വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ

വാഴക്കൃഷിയിലെ കീടരോഗങ്ങൾ : പ്രശ്നങ്ങളും പരിഹാരവും
: **ഡോ. ജയപ്രകാശ് സി. എ**
വിള സംരക്ഷണ വിഭാഗം മേധാവി
സി. ടി. സി. ആർ. ഐ., തിരുവനന്തപുരം

**11.00 am : ഉദ്ഘാടന സമ്മേളനം**

സ്വാഗതം : **ഡോ. എ. പ്രേമ**
തൃശൂർ കൃഷി വിജ്ഞാന കേന്ദ്രം മേധാവി

അദ്ധ്യക്ഷൻ : **അഡ്വ. കെ. രാജൻ, ഒല്ലൂർ, എം. എൽ. എ.**
ബഹു. ഭരണ സമിതി അംഗം,
കേരള കാർഷിക സർവ്വകലാശാല

നന്മ, മേന്മ, ശ്രേയ വിപണനോൽഘാടനം : **അഡ്വ. വി. എസ്. സുനിൽകുമാർ**
ബഹു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി

സ്വീകരിക്കുന്നത് : **ശ്രീ. കെ. വൈ. ബേബി**
വി.എഫ്. പി. സി. കെ. സമിതി വൈസ് പ്രസിഡന്റ്

മുഖ്യപ്രഭാഷണം : **പ്രൊഫ. (ഡോ). പി. രാജേന്ദ്രൻ**
വൈസ് ചാൻസിലർ
കേരള കാർഷിക സർവ്വകലാശാല

ശ്രേഷ്ഠ കർഷകൻ **ശ്രീ. എൻ. വി. വർഗ്ഗീസ്,** (വി. എഫ്. പി. സി. കെ. സമിതി പ്രസിഡന്റ്) നെ ആദരിക്കുന്നു.

# കൃഷി വിജ്ഞാന കേന്ദ്രം, തൃശൂർ

## കേരള കാർഷിക സർവ്വകലാശാല

കെ.എ.യു. പി.ഒ. വെള്ളാനിക്കര, ഫോൺ: 0487 2375855
Email: kvkthrissur@kau.in

തൃശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെയും വി.എഫ്.പി.സി.കെ യുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച "സുരക്ഷിത വാഴക്കൃഷി മാർഗ്ഗരേഖ പ്രകാശനവും ജൈവകീടനാശിനികളുടെ ഉദ്പാദന-വിതരണോദ്ഘാടനവും" ഒക്ടോബർ 7-ാം തിയ്യതി പുത്തൂർ പഞ്ചായത്തിൽ മരോട്ടിച്ചാലിൽ സംഘടിപ്പിക്കുകയുണ്ടായി. ചടങ്ങിൽ ബഹുമാന്യനായ കാർഷിക വികസനകർഷക ക്ഷേമ വകുപ്പു മന്ത്രി വി. എസ്. സുനിൽകുമാർ അവർകൾ, തിരുവന്തപുരത്തുള്ള കേന്ദ്ര കിഴങ്ങു വർഗ്ഗ ഗവേഷണ സ്ഥാപനത്തിൽ മരച്ചീനിയിൽ നിന്നും വികസിപ്പിച്ചെടുത്ത 'നന്മ', 'മേന്മ', 'ശ്രേയ' എന്നീ ജൈവകീടനാശിനികൾ കേരളത്തിലെ മുഴുവൻ കർഷകർക്കും ലഭ്യമാക്കുന്ന രീതിയിൽ പ്രകാശനം ചെയ്തു. ഉദ്ഘാടനപ്രസംഗത്തിൽ ജൈവകീടനാശിനികൾ കേരളം മുഴുവൻ ലഭ്യമാക്കുമെന്നും അതിനുവേണ്ടി സംസ്ഥാനത്തൊട്ടാകെ വിവിധ സ്ഥലങ്ങളിൽ നാല് ഉൽപ്പാദനയൂണിറ്റുകൾ ആരംഭിക്കുമെന്നും, ശാസ്ത്രീയ കൃഷിരീതികൾ കർഷകരിലേക്ക് എത്തിക്കുന്നതിനോടൊപ്പം തന്നെ ശാസ്ത്രീയമായ വിളവെടുപ്പു രീതികളും സംസ്കരണളെ മുറകളെക്കുറിച്ചും കർഷകർക്ക് പരിശീലനം നൽകുന്നതിന്റെ ആവശ്യകതയെക്കുറിച്ചും മന്ത്രി ഊന്നിപ്പറഞ്ഞു. എല്ലായിനം വാഴകൾക്കും വിള ഇൻഷുറൻസ് ഏർപ്പെടുത്തിയ കാര്യം മന്ത്രി അറിയിച്ചു. ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചത് ഒല്ലൂർ നിയോജക മണ്ഡലം എം. എൽ. എ. അഡ്വ. രാജൻ അവർകളാണ്. തന്റെ മുഖ്യ പ്രഭാഷണത്തിൽ ഡോ. പി. രാജേന്ദ്രൻ, കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ കേരളത്തിലെ വാഴ കർഷകർക്ക് വേണ്ട എല്ലാ വിവര സാങ്കേതിക വിദ്യകളും സുരക്ഷിത വാഴകൃഷിയിൽ ജൈവകീടനാശിനുകളുടെ പങ്കിനെക്കുറിച്ചും പറഞ്ഞു. കെ.വി.കെ തൃശൂർ മുഖേനഇത്തരം ജൈവകീടനാശിനികൾ കർഷകരിലേക്കെത്തിക്കാനുള്ള നടപടികൾ കാർഷിക സർവ്വകലാശാല സ്വീകരിക്കുമെന്നും അറിയിച്ചു. കെ.വി.കെ. തൃശൂരിൽ ഉൽപ്പാദിപ്പിക്കുന്ന വാഴയ്ക്കും പച്ചക്കറിക്കും ഉപയോഗിക്കാവുന്ന നന്മ, മേന്മ, ശ്രേയ എന്നിവയുടെ വിപണനോൽഘാടനം ബഹുമാന്യനായ കാർഷിക വികസനകർഷക ക്ഷേമ മന്ത്രി വി.എഫ്.പി.സി.കെ. മരോട്ടിച്ചാൽ സമിതി വൈസ് പ്രസിഡന്റ് ശ്രീ. കെ.വൈ ബേബിക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചു. ജൈവകൃഷിക്കും പ്രത്യേകമായി നഗര പ്രാന്തപ്രദേശങ്ങളിലെ ചെറുകിട കർഷകർക്കും അടുക്കളത്തോട്ടങ്ങൾക്കും ഗ്രോബാഗുകളിലും അനുയോജ്യമായ കെ.വി.കെയിൽ തയ്യാറാക്കിയ ആട്ടിൻകാട്ടാധിഷ്ഠിതമായ ജീവ എന്ന പേരിലുള്ള ജൈവവളക്കൂട്ടിന്റെ വിപണോൽഘാടനം ഈ അവസരത്തിൽ ഒല്ലൂർ എം. എൽ. എയും കാർഷിക സർവ്വകലാശാല ഭരണ സമിതി അംഗവുമായ കെ. രാജൻ അവർകൾ കർഷക പ്രതിനിധിയായ ശ്രീമതി. ഓമനതിലകന് നൽകിക്കൊണ്ട് നിർവ്വഹിച്ചു. അയർ എന്ന വാഴയുടെ സൂക്ഷ്മ മൂലകത്തിന്റെ വിപണോൽഘാടനം ബഹുമാന്യനായ കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. പി. രാജേന്ദ്രൻ കർഷക പ്രതിനിധി  ശ്രീമതി. ജീനസെബാസ്റ്റ്യനു നൽകിക്കൊണ്ട് നിർവ്വഹിച്ചു. സുരക്ഷിത വാഴക്കൃഷിക്കായിട്ടുള്ള മാർഗ്ഗരേഖയുടെ പ്രകാശനം പുത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മിനി ഉണ്ണികൃഷ്ണന് നൽകിക്കൊണ്ട് കേരള കാർഷിക സർവ്വകലാശാല വിജ്ഞാനവ്യാപനമേധാവി ഡോ. ജിജു പി. അലക്സ് നിർവ്വഹിച്ചു. ജൈവകീടനാശിനികളുടെ ഉൽപാദനകേന്ദ്രമായി കെ.വി.കെ. തൃശൂർ മാറുന്ന വലിയ സംരംഭത്തിന് തുടക്കം കുറിക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. പ്രസ്തുത ചടങ്ങിൽ തൃശൂർ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. എ. പ്രേമ സ്വാഗതം അറിയിച്ചു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വൈ.എസ്. ഉമാദേവി ആശംസകൾ അറിയിച്ചു. ശ്രീമതി. അംജ എ. എ., വി.എഫ്.പി.സി.കെ. ജില്ലാ മാനേജർ നന്ദി പ്രകാശിപ്പിച്ചു. ഈ ചടങ്ങിനോടനുബന്ധിച്ചു നടത്തിയ "സുരക്ഷിത വാഴക്കൃഷി" എന്ന സെമിനാറിൽ, കേന്ദ്ര കിഴങ്ങ വർഗ്ഗ ഗവേഷണ സ്ഥാപനം, തിരുവനന്തപുരത്തിലെ വിള സംരക്ഷണ വിഭാഗ മേധാവിയും നന്മ, മേന്മ, ശ്രേയ എന്നീ ജൈവകീടനാശിനികൾ വികസിപ്പെച്ചെടുത്ത ശാസ്ത്രജ്ഞനുമായ ഡോ. ജയപ്രകാശ് അവർകൾ കർഷകർക്ക് ക്ലാസ്സെടുക്കുകയും കർഷകരുടെ സംശയനിവാരണം നടത്തുകയും ചെയ്തു. കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിലെ ഡോ. മഞ്ജു പി. ആർ. വാഴയിനങ്ങളും കൃഷിരീതിയും എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.




കേരള കാർഷിക സർവ്വകലാശാല
കൃഷി വിജ്ഞാനകേന്ദ്രം തൃശ്ശൂർ